**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2170** **06-07-2022 - ൽ മറുപടിയ്ക്ക്**

**വൈറൽ പനി വ്യാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂളുകൾ തുറന്നതിനെത്തുടർന്ന് കുട്ടികൾക്കിടയിൽ വൈറൽ പനി കൂടിയതും ചില സ്ഥലങ്ങളിൽ ചെള്ള് പനി മൂലമുള്ള മരണങ്ങൾ സ്ഥിരീകരിച്ചതും മൂലം ജനങ്ങൾക്കിടയിലെ ആശങ്ക കണക്കിലെടുത്ത് ഇതിന്റെ വ്യാപനം ചെറുക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (എ) | കോവിഡ് കാലത്തിന് സമാനമായ രീതിയിൽ സാമൂഹിക അകലം പരമാവധി പാലിക്കുവാനും, ശരിയാംവണ്ണം മാസ്ക് ധരിക്കുവാനും, രോഗലക്ഷണമുള്ള കുട്ടികളെ സ്കൂളുകളിലേയ്ക്ക് വിടാതിരിക്കുവാനും, വ്യക്തി ശുചിത്വം, പരിസരശുചിത്വം മുതലായവ കൃത്യമായി പാലിക്കുവാനും വേണ്ട നിർദ്ദേശങ്ങൾ കൊതുക് വളരുവാൻ സാധ്യതയുള്ള സ്ഥലങ്ങൾ അതത് പ്രദേശത്തെ ആരോഗ്യ ഫീൽഡ് വിഭാഗം പ്രവർത്തകർ സന്ദർശിച്ച് വേണ്ട നടപടികൾ സ്കൂൾ അധികൃതരുടെ സഹായത്തോടെ നടപ്പിലാക്കിയിട്ടുണ്ട്.<br><br>ചെള്ളുപനിയും, മരണവും റിപ്പോർട്ട് ചെയ്ത തിരുവനന്തപുരം ജില്ലയിൽ പ്രസ്തുത സ്ഥലങ്ങളിൽ ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും ദ്രുതകർമ്മസേന സന്ദർശിച്ച് കാര്യകാരണ വിശകലനം നടത്തി ആവശ്യമായ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുകയുണ്ടായി. രോഗബാധിതരുടെ വീടുകൾക്ക് ചുറ്റുമുള്ള കുറ്റിച്ചെടികൾ വെട്ടി നശിപ്പിക്കുകയും, മറ്റിടങ്ങളിൽ ചിഗർമൈറ്റുകൾ (ചെള്ളുകളെ) നശിപ്പിക്കുന്നതിനുള്ള കീടനാശിനി പ്രയോഗവും നടത്തുകയുണ്ടായി.<br><br>ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റും സംസ്ഥാന എന്റമോളജി യൂണിറ്റും ആവശ്യമായ നടപടികൾ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മറ്റ് ജില്ലകൾക്കും സ്ക്രബ്ബ് ടൈഫസ് നിയന്ത്രിക്കുവാനാവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ജീവനക്കാർക്കുള്ള പരിശീലനവും പൊതുജനങ്ങൾക്കുള്ള അവബോധവും നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ആലപ്പുഴ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിപ്പോർട്ട് പ്രകാരം ജില്ലകളിൽ റിപ്പോർട്ട് ചെയ്യുന്ന വൈറൽ പനികളിൽ സീസണൽ ഇൻഫ്ലുവൻസയാണ് കൂടുതലായി കണ്ടു വരുന്നത്. ഇത് സാധാരണ ഗതിയിൽ 2 മുതൽ 3 ദിവസത്തിനുള്ളിൽ പ്രത്യേക ചികിത്സയൊന്നും നൽകാതെ തന്നെ ശമിക്കുന്നതാണ്. എല്ലാ മേജർ ആശുപത്രികളിലും പ്രത്യേകമായ പനി ക്ലിനിക്കുകളും പനി വാർഡുകളും സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ആവശ്യമായ സ്ഥലങ്ങളിൽ മൊബൈൽ ക്ലിനിക്കുകളും, മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നുണ്ട്. കോവിഡിനോടൊപ്പം തന്നെ ഇതര പകർച്ച വ്യാധികളേയും നിയന്ത്രിക്കാനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നുണ്ട്. ഡങ്കിപ്പനി, എലിപ്പനി, ചെള്ളുപനി മുതലായ പകർച്ച വ്യാധികൾ നിയന്ത്രിക്കുന്നതിനായി ആരോഗ്യ ജാഗ്രതാ കലണ്ടറിന്റെ അടിസ്ഥാനത്തിൽ വാർഡു തലത്തിൽ പ്രത്യേക പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്.<br><br>ചെള്ളുപനിയുമായി ബന്ധപ്പെട്ട് സ്കൂൾ പരിസരത്തെ കുറ്റിക്കാട്ടുകൾ വെട്ടിക്കളയുന്നതിനും എലി നശീകരണ പ്രവർത്തനങ്ങൾ കൃഷി വകുപ്പിന്റെ സഹകരണത്തോടെയും നടപ്പിലാക്കി വരുന്നു. ഭക്ഷണാവശിഷ്ടങ്ങൾ വലിച്ചെറിയാതെ ശരിയാംവണ്ണം സംസ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുള്ളതാണ്. പനിയോടൊപ്പം ശരീരത്തിൽ ചെറിയ രീതിയിലുള്ള പൊള്ളൽ (സ്കാർ) കാണപ്പെടുന്നുണ്ടെങ്കിൽ കാലതാമസം കൂടാതെ അടുത്തുള്ള ആരോഗ്യകേന്ദ്രത്തിൽ അറിയിച്ച് ആവശ്യമായ ചികിത്സ തേടേണ്ടതിനുള്ള പ്രാധാന്യം അറിയിച്ചിട്ടുള്ളതാണ്. കൂടാതെ, ആരോഗ്യ-ബോധവൽക്കരണ ക്ലാസുകൾ സ്കൂൾ തലത്തിൽ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ